<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406**</u> <u>**07-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**ഭൂതക്കുളം ജി.എച്ച്.എസ്.എസ്. ൽ ക്ലാസ്സ് മുറികളുടെ നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിനായി സമഗ്ര ശിക്ഷ കേരളം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും അനുവദിച്ചതെന്നാണെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 5 ക്ലാസ് മുറികൾക്കായി 2022-23 വാർഷിക പദ്ധതി പ്രകാരം 62.5 ലക്ഷം രൂപ 18.10.2022-ൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) | **2021 ഫെബ്രുവരി 18 -ന് ഉദ്ഘാടനം ചെയ്ത കൈറ്റ് നിർമ്മിച്ച കെട്ടിട ത്തിന്റെ മുകളിൽ പണിയുന്നതിന് ആശങ്കകൾ ഉള്ളതിനാലും ടി കെട്ടിട ത്തിന് കെട്ടിട നമ്പർ, അഗ്നിസുരക്ഷ എന്നിവ ഇല്ലാത്തതിനാൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല എന്നതിനാലുമാണ് കാലതാമസം ഉണ്ടായത്.** |
| (സി) | തടസ്സങ്ങൾ ഒഴിവാക്കി ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (സി) | **ഉണ്ട്. നിലവിലെ കെട്ടിടത്തിന്റെ മുകളിൽ കെട്ടിടം പണിയുവാൻ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് കൈറ്റിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗം ചേരുകയും ഫിറ്റ്നസ് നൽകുന്നതിന് അഗ്നിസുരക്ഷ ഏർപ്പെടുത്തുന്നതിനാ യുള്ള ഫണ്ട് സ്കൂളിന് നൽകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തു കയും ചെയ്തു. സ്കൂളിന് കെട്ടിട നമ്പർ, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ഡി) | എസ്.എസ്.കെ. ഫണ്ട് വിനിയോഗിച്ച് ഭൂതക്കുളം ജി.എച്ച്.എസ്.എസ്. ൽ പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ (ഫയൽ നം.E/6833727/2023 ) പൊതു വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | E/6833727/2023 നമ്പരായി ലഭിച്ച നിവേദനം പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ